<u>പതിമൂന്നാം കേരള നിയമസഭ</u>

<u>ഏഴാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2767 14.02.2013-ൽ മറുപടിക്ക്.

## കൺസ്ട്രക്ഷൻ അക്കാഡമി

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ :<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :<br>ശ്രീ. റ്റി. എൻ. പ്രതാപൻ :<br>ശ്രീ. വി. ഡി. സതീശൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കൺസ്ട്രക്ഷൻ അക്കാഡമി രൂപീകരിക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) കൺസ്ട്രക്ഷൻ അക്കാഡമി നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾക്കായി ഒരു ഓഫീസ് രൂപീകരിക്കുകയും, സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങളെന്തെല്ലാം ; | (ബി) നിർമ്മാണ മേഖല, കെട്ടിട നിർമ്മാണ വ്യവസായം, എഞ്ചിനിയറിംഗ് സാങ്കേതിക വിദ്യകൾ തുടങ്ങിയ മേഖലകളിൽ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകൽ, ഗവേഷണങ്ങൾക്ക് നേതൃത്വം നൽകുക, നിർമ്മാണ രംഗത്തെ വിവിധ തൊഴിൽ മേഖലകളെയും ശാഖകളെയും സംബന്ധിച്ച പഠനവും വിജ്ഞാന വ്യാപനവും ത്വരിതമാക്കുക, തൊഴിൽ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, കെട്ടിട നിർമ്മാണ നൈപുണ്യ വികസന കേന്ദ്രങ്ങളും, സർഗ്ഗാത്മക വിഭവ കേന്ദ്രങ്ങളും ആരംഭിക്കുന്നവർക്ക് എല്ലാ സാങ്കേതിക മാർഗ്ഗ നിർദ്ദേശങ്ങളും നൽകി അത്തരം ഏജൻസികളെ പ്രോത്സാഹിപ്പിക്കുക, നിർമ്മാണ മേഖലയുമായി ബന്ധപ്പെട്ട തൊഴിലുപകരണങ്ങളും, അസംസ്കൃത വസ്തുക്കളും ശേഖരിച്ച് വിതരണം ചെയ്യുക, അനുയോജ്യമെന്ന് കരുതുന്ന സ്ഥലങ്ങളിൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുക, ഈ മേഖലയിലെ പുത്തൻ പ്രവണതകളെ കുറിച്ചും കാലിക |

| | |
|---|---|
| | പ്രാധാന്യമുള്ള വിഷയങ്ങളെ അധികരിച്ച് ശിൽപശാലകളും സെമിനാറുകളും സമ്മേളനങ്ങളും സംഘടിപ്പിക്കൽ, അക്കാഡമിയുടെ പ്രവർത്തനങ്ങളെ സംബന്ധിച്ച ആനുകാലികങ്ങൾ, ലഘുലേഖകൾ, വാർഷിക റിപ്പോർട്ടുകൾ എന്നിവ പ്രസിദ്ധം ചെയ്യുക തുടങ്ങിയവയാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത് ; വിശദമാക്കുമോ ; | (സി) തീരുമാനം കൈക്കൊണ്ടിട്ടില്ല. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) കൺസ്ട്രക്ഷൻ അക്കാഡമി നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് പ്രാരംഭ നടപടികൾക്കായി ഒരു ഓഫീസ് രൂപീകരിക്കുകയും, സ്പെഷ്യൽ ഓഫീസറെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൺസ്ട്രക്ഷൻ അക്കാഡമിക്കായി 9.025 ഏക്കർ സ്ഥലം കൊല്ലം ജില്ലയിൽ വാങ്ങുകയും ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രോജക്ട് പരിഗണനയിലാണ്. |

Reeja

സെക്ഷൻ ഓഫീസർ